(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) മതിയായ രേഖകൾ സഹിതം വീണ്ടും അപേക്ഷ സമർപ്പിച്ചത് എന്നാണ് എന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ വകുപ്പിൽ ഇതിനുശേഷം അപേക്ഷ സമർപ്പിച്ച പലർക്കും ജോലി ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വൈ. വിൽസന് അടിയന്തിരമായി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ശ്രീ. വൈ. വിൽസന്റെ 25-5-2000-ലെ അപേക്ഷയോടൊപ്പം നിയമപ്രകാരം സമർപ്പിക്കേണ്ടിയിരുന്ന മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ലാതിരുന്നതിനാൽ ടി അപേക്ഷ, പോരായ്മകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് റോഡ്സ് ആന്റ് ബ്രിഡ്ജസ് സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചു കൊടുക്കുകയുണ്ടായി. അപൂർണ്ണമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമനം നൽകാൻ കഴിയില്ല.

(സി) മതിയായ രേഖകൾ സഹിതം ശ്രീ. വിൽസൺ വീണ്ടും സമർപ്പിച്ച 22-1-2002-ലെ അപേക്ഷ 21-3-2005-ൽ സർക്കാരിൽ ലഭിച്ചു. ടി അപേക്ഷ പരിശോധിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) & (സി) യിലെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

500 ദിവസം സർവീസ് പൂർത്തിയായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

74 [3600] *ശ്രീ. പി. എസ്. സുപാൽ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-1-2000-ൽ 500 ദിവസം പൂർത്തിയാക്കിയ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) 500 ദിവസം പൂർത്തിയാക്കിയ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ റഗുലറൈസ് ചെയ്തുകൊണ്ടുള്ള ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ 10 വർഷത്തിനുമേൽ സർവ്വീസുള്ളവരും 5 വർഷത്തിനുമേൽ സർവ്വീസുള്ളവരും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്താൻ കാലതാമസം വന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) ഇവരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)—(ഇ) 31-5-2000-ൽ 500 ദിവസം പൂർത്തിയാക്കിയ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ സർക്കാർ ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പ്രീ-പ്രൈമറി സ്കൂളുകളിലെ നിയമനം

75 [3601] *ശ്രീ. ടി. എം. ജേക്കബ്*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) സർക്കാരിന്റെ ഉടമയിൽ എത്ര പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(സി) പ്രീ-പ്രൈമറി ടിച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം കിട്ടിയ അദ്ധ്യാപകരെയാണോ പ്രീ-പ്രൈമറി സ്കൂളുകളിൽ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 23 എണ്ണം (പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(ബി) 55 എണ്ണം (പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

(സി) അതെ.

† അനുബന്ധം V, V 'എ'.

LIBRARY ARCHIVES Kerala Legislative Assembly